# കേരള സംസ്ഥാന സഹകരണ ബാങ്ക് ക്ലിപ്തം

## ആലപ്പുഴ റീജിയൺ

## ക്വട്ടേഷൻ

| | | |
|---|---|---|
| 1 | ക്വട്ടേഷൻ നൽകുന്ന വ്യക്തിയുടെ പേര് | |
| 2 | മുഴുവൻ മേൽവിലാസം | |
| 3 | ടെലിഫോൺ നമ്പർ | |
| 4 | ആധാർ നമ്പർ | |
| 5 | പാൻ നമ്പർ | |
| 6 | പിതാവിന്റെ പേരും മുഴുവൻ മേൽവിലാസവും | |
| 7 | ലേല വസ്തു- ക്രമ നമ്പർ | |
| 8 | വായ്പക്കാരന്റെ പേര് | |
| 9 | വസ്തു സ്ഥിതി ചെയ്യുന്ന വില്ലേജ് | |
| 10 | സർവ്വേ നമ്പർ | |
| 11 | വായ്പാ നമ്പർ | |
| 12 | വായ്പാ ബ്രാഞ്ച് | |
| 13 | ക്വാട്ട് ചെയ്ത തുക | Rs................../(രൂപ...............................................................................<br>..............................................................................മാത്രം) |
| 14 | EMD-രശീത് നമ്പർ, തിയതി | |

മേൽ നമ്പർ പണയ സ്ഥലം ''എവിടെയാണോ, എങ്ങനെയാണോ, ഏതൊക്കെയാണോ'' എന്ന അടിസ്ഥാനത്തിൽ ആയതിന്റെ സകലവിധ രേഖകളോടും കൂടി പരിശോധിച്ച് തൃപ്തിപ്പെട്ടിരിക്കുന്നു. ആയതിനാൽ പ്രസ്തുത വസ്തു വാങ്ങുവാനായി മേൽ എഴുതിയ തുക ക്വോട്ട് ചെയ്യുന്നു. ബാങ്കിന്റെ എല്ലാ വിധ നിയമങ്ങൾക്കും നിബന്ധനകൾക്കും വിധേയമായി പ്രവർത്തിക്കുവാൻ ഞാൻ ബാദ്ധ്യസ്ഥനാണ്

ഒപ്പ്

സ്ഥലം:

# കേരള സംസ്ഥാന സഹകരണ ബാങ്ക് ക്ലിപ്തം

## ആലപ്പുഴ റീജിയൺ

## ലേല നിബന്ധനകൾ

| |
|---|
| 1. ലേലത്തിൽ പങ്കെടുക്കുവാൻ താൽപര്യമുള്ളവർ ഇ.എം.ഡി തുക കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ പത്തനംതിട്ട മെയിൻ ശാഖയിൽ മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റ് സഹിതം ക്വട്ടേഷൻ ടെണ്ടർ ഫോർ പ്രോപ്പർട്ടി എന്ന് എഴുതി ഒട്ടിച്ച കവറിൽ 2024 ജൂലൈ 1 ന് വൈകിട്ട് 4.00 മണിക്ക് മുമ്പായി കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ ആലപ്പുഴ റീജിയണൽ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. ടെണ്ടർ കവറുകൾ 2024 ജൂലൈ 2 രാവിലെ 10.30 മണിക്ക് കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ ആലപ്പുഴ റീജിയണൽ ഓഫീസിൽ വച്ച് അധികാരപ്പെട്ട ഉദ്യോഗസ്ഥൻ തുറക്കുന്നതും തൽസമയം താൽപര്യമുള്ള ലേലക്കാർ ഹാജരാകേണ്ടതുമാണ്. |
| 2.റിസർവ്വ് തുകയിൽ കുറവിൽ സമർപ്പിക്കുന്ന ടെണ്ടറുകൾ നിരസ്സിക്കുന്നതും വസ്തുവകകൾ റിസർവ്വ് പ്രൈസ് തുകയിൽ കുറഞ്ഞ് ലേല വിൽപ്പന നടത്തുന്നതുമല്ല. |
| 3. വിൽപ്പന വസ്തു ഇപ്പോൾ ഇരിക്കുന്ന അതേ അവസ്ഥയിൽ (As is where is and whatever there is condition) ആയിരിക്കുന്നതും വിൽപ്പനയിലുണ്ടാകുന്ന കാലതാമസത്തിനും വസ്തുവിനുണ്ടായേക്കാവുന്ന നിയമപരമായ ബാധ്യതകൾക്കും ബാങ്കിന് യാതൊരു ഉത്തരവാദിത്വവും ഇല്ലാത്തതുമായിരിക്കും. ബാങ്കിന്റെ അറിവിൽ ഇപ്പോൾ ഇതിന്മേലുള്ള ബാധ്യത ബാങ്കിന് കിട്ടാനുള്ള പണം മാത്രമാകുന്നു. |
| 4. ടെണ്ടർ കവറുകൾ തുറന്നതിനു ശേഷം ആധികാരപ്പെട്ട ഉദ്യോഗസ്ഥന് ഉചിതമെന്ന് തോന്നുന്നപക്ഷം ലേലത്തുക വർദ്ധിപ്പിക്കുവാൻ വേണ്ടി ടെണ്ടർ സമർപ്പിച്ചിട്ടുള്ളവർക്കിടയിൽ പ്രത്യേക ലേലം നടത്തുവാൻ അധികാരമുള്ളതാകുന്നു. |
| 5.ലേലം ഉറപ്പിക്കുന്നപക്ഷം ലേലത്തിൽ വിജയിക്കുന്ന ആൾ ലേല തുകയുടെ 25% തുകയിൽ നിന്നും ഇ.എം.ഡി കഴിച്ചിട്ടുള്ള തുക ഉടനെ കെട്ടി വെക്കേണ്ടതും ബാക്കി തുക 15 ദിവസത്തിനകം അടക്കേണ്ടതുമാണ്. ആയതിൽ വീഴ്ച വരുത്തിയാൽ ഇ.എം.ഡിയും അടച്ച തുകയും തിരിച്ച് നൽകാത്തതും പ്രസ്തുത വസ്തു രണ്ടാമത്തെ ഉയർന്ന ലേലക്കാരന് വിൽക്കുവാനോ ആവശ്യമെങ്കിൽ പുനർലേലം നടത്തുവാനോ അധികാരപ്പെട്ട ഉദ്യോഗസ്ഥന് അധികാരമുണ്ടായിരിക്കുന്നതുമാണ്. മറ്റുള്ള ലേലക്കാർക്ക് ഇ.എം.ഡി തിരിച്ച് നൽകുന്നതായിരിക്കും. |
| 6. ലേലത്തിൽ വിജയിക്കുന്ന ആൾ വസ്തുവിന്റെ നിയമപ്രകാരമുള്ള രജിസ്ട്രേഷൻ ചാർജ്ജ്, സ്റ്റാമ്പ് ഡ്യൂട്ടി മുതലായ ചെലവുകൾ സ്വയം വഹിക്കേണ്ടതാണ്. |
| 7. വസ്തുവിന്റെ വിൽപ്പന, സെക്വേർഡ് ക്രെഡിറ്ററുടെ അന്തിമ തീരുമാനത്തിന് വിധേയമായിരിക്കും.യാതൊരു കാരണവും കാണിക്കാതെ ടെണ്ടറുകൾ നിരസ്സിക്കുവാനോ ലേലം അസ്ഥിരപ്പെടുത്തുവാനോ നീട്ടി വെക്കാനോ അധികാരപ്പെട്ട ഉദ്യോഗസ്ഥന് അധികാരം ഉണ്ടായിരിക്കും. |
| 8. മുൻകൂട്ടി അറിയിച്ചതിന് ശേഷം എല്ലാ പ്രവർത്തി ദിവസങ്ങളിലും പകൽ 10 മണിക്കും 5 മണിക്കും ഇടയിൽ വസ്തു വഹകൾ പരിശോധിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്കും ടെണ്ടർ ഫോറത്തിനും അധികാരപ്പെട്ട ഉദ്യോഗസ്ഥനുമായോ, ആലപ്പുഴ റീജിയണൽ ഓഫീസുമായോ (0477-2251682,83,84) പത്തനംതിട്ട ക്രഡിറ്റ് പ്രോസ്സസിംഗ് സെന്ററുമായോ (0468-2222271, 5342,1705,1675) ബന്ധപ്പെടാവുന്നതാണ്. |
| 9. വസ്തു ബാങ്കിന്റെ യുക്താനുസരണം ഭാഗികമായോ ആവശ്യമെങ്കിൽ മുഴുവനായോ വിൽപ്പന നടത്തുന്നതായിരിക്കും. |

**ഓതറൈസ്ഡ് ഓഫീസർ**

**(കേരള സംസ്ഥാന സഹകരണ ബാങ്ക്)**

മേൽ പറഞ്ഞ നിബന്ധനകൾ വായിച്ച് ബോദ്ധ്യപ്പെട്ടിരിക്കുന്നു.

(ക്വട്ടേഷൻ സമർപ്പിച്ചയാളുടെ പേരും, ഒപ്പും)